DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

18.06.2019

# കാർഷികമേഖലാവാർത്തകൾ

## പരിശീലനം

പത്തനംതിട്ട ജില്ലാ ഐ.സി.എ. ആർ – കൃഷി വിജ്ഞാന കേന്ദ്രം കാർഡിൽ വച്ച് ഈ മാസം 20 ന് **ചക്കയുടെ മൂല്യവർദ്ധനവ്,** 21 ന് **കൂൺ കൃഷി** എന്നീ വിഷയങ്ങളിൽ പരിശീലനം നൽകുന്നു. ചിപ്പിക്കൂൺ, പാൽക്കൂൺ എന്നിവയുടെ കൃഷി രീതികൾ പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പരിശീലനം രാവിലെ 10 മണി മുതൽ നടത്തപ്പെടുന്നതാണ്. പങ്കെടുക്കുന്നതിന് താൽപര്യമുള്ളവർ ഇന്ന് 4 മണിക്ക് മുമ്പായി സീനിയർ സയന്റിസ്റ്റ് ആന്റ് ഹെഡ്, ഐ.സി.എ.ആർ – കൃഷി വിജ്ഞാന കേന്ദ്രം, കാർഡ് കോളഭാഗം പി.ഒ തടിയൂർ, തിരുവല്ല –689545 എന്ന വിലാസത്തിലോ 9447801351 എന്ന ഫോൺ നമ്പരിലോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## പരിശീലനം

ഓച്ചിറ ക്ഷീരോൽപ്പന്ന പരിശീലന വികസന കേന്ദ്രത്തിൽ വെച്ച് 21 22 തീയതികളിൽ തീറ്റപ്പുൽകൃഷി പരിശീലനം നൽകുന്നു. രജിസ്ട്രേഷൻ ഫീസ് 20 രൂപ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്ക് മാത്രമാണ് പ്രവേശനം. പങ്കെടുക്കുന്നവർക്ക് യാത്രാബത്ത, ദിനബത്ത എന്നിവ ഉണ്ടായിരിക്കുന്നതാണ്. താൽപര്യമുള്ളവർ 0476– 2698550 എന്ന നമ്പരിൽ

പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്തവർ ഈ മാസം 21 ന് രാവിലെ 10 മണിക്ക് പരിശീലന കേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണ്. പ്രവേശന സമയത്ത് തിരിച്ചറിയൽ രേഖയുടെ പകർപ്പുകൂടി ഹാജരാക്കേണ്ടതാണെന്ന് ഓച്ചിറ ക്ഷീരോൽപ്പന്ന പരിശീലനകേന്ദ്രം പ്രിൻസിപ്പൽ ട്രെയിനിംഗ് ഓഫീസർ അറിയിച്ചു.

## പരിശീലനം

കേരള കാർഷിക സർവകലാശാല വിജ്ഞാന വ്യാപന ഡയറക്ട്രേറ്റും ഹൈദ്രബാദിലെ നാഷണൽ അഗ്രികൾച്ചറൽ മാർക്കറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടും സംയുക്തമായി സംഘടിപ്പിക്കുന്ന കാർഷിക വിപണനം വിവരസാങ്കേതിക വിദ്യയിലൂടെ എന്ന ത്രിദിന സൗജന്യ പരിശീലന പരിപാടിയിലേക്ക് അപേക്ഷ ക്ഷണിച്ചു. ഈ മാസം 25,26,27 തീയതികളിൽ നടക്കുന്ന പരിശീലനത്തിന് താമസവും ഭക്ഷണവും സൗജന്യമാണ്. തപാൽ/ ഫോൺ / ഇ -മെയിൽ മുഖേനയോ ഈ മാസം 20 മുൻപ് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രൊഫസ്സർ ആന്റ് ഹെഡ്, സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, കേരള കാർഷിക സർവകലാശാല, മണ്ണുത്തി -680651 ഫോൺ നമ്പർ -0487 2371104 ഇ -മെയിൽ cti@kau.in

## പരിശീലനം

കോട്ടയം ജില്ലയിലെ തലയോലപറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ ഈ മാസം 18,19,20 തീയതികളിൽ വ്യാവസായിക അടിസ്ഥാനത്തിലുള്ള പശുവളർത്തൽ എന്ന വിഷയത്തിൽ സൗജന്യ

പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 04829 –234323.

## വാഴത്തൈകൾ വിൽപനയ്ക്ക്

കേരള കാർഷിക സർവകലാശാല കണ്ണാറവാഴ ഗവേഷണ കേന്ദ്രത്തിൽ നെടുനേന്ത്രൻ, ഗ്രാന്റ്നെയിൻ എന്നീ ഇനം ടിഷ്യൂകൾച്ചർ വാഴതൈകൾ വിൽപനക്കുണ്ട്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ 0487 – 2699087, 9495419699

## അറിയിപ്പ്

കാർഷികസംരംഭകത്വ വികസനത്തിനായി കാർഷിക സർവകലാശാല യുവതീയുവാക്കൾക്കും വിദ്യാർത്ഥികൾക്കും വേണ്ടി സംഘടിപ്പിക്കുന്ന രണ്ടുമാസത്തെ സ്റ്റൈപൻഡറി പരിശീലനത്തിനും ബിസിനസ്സ് ഇൻക്യുബേറ്റർ പങ്കാളിത്തത്തിനും അപേക്ഷ സമർപ്പിക്കാനുള്ള തീയതി ജൂൺ 20 വരെ ദീർഘിപ്പിച്ചു. വിശദവിവരങ്ങൾക്ക് www.kau.in എന്ന വെബ് സൈറ്റ് സന്ദർശിക്കുകയോ 8075304392, 7899423314 എന്നീ ഫോൺ നമ്പറുകളിൽ വിളിക്കുകയോ ചെയ്യുക.

## അറിയിപ്പ്

ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ പൂവൻ കോഴിക്കുഞ്ഞുങ്ങളെ 8 രൂപ നിരക്കിൽ

ചൊവ്വ, വെള്ളി ദിവസങ്ങളിൽ വിൽപ്പന നടത്തുന്നു. ആവശ്യമുള്ളവർ 9447041897, 9895666968 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.